## അനുബന്ധം 1

**1.വീകെയർ പദ്ധതി:** പ്രകാരം സമൂഹത്തിലെ അശരണരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ ജനങ്ങൾക്ക് വിവിധ രോഗങ്ങൾക്കുള്ള ധനസഹായം നൽകി വരുന്നു.

**2.സമാശ്വാസം:** ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ കുടുംബാംഗമായിരിക്കണം. ആറുമാസമെങ്കിലും തുടർച്ചയായ ഡയാലിസിസ് ആവശ്യമുള്ളവരാണെന്ന് വൃക്കരോഗവിദഗ്ധൻ സർട്ടിഫിക്കറ്റ് നൽകിയിരിക്കണം. ഡയാലിസിസ് ചെയ്തു കൊണ്ടിരിക്കുന്ന രോഗി വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കു വിധേയനായി ഡയാലിസിസ് അവസാനിപ്പിച്ചാൽ വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കുശേഷമുള്ള Immuno Suppressive Treatment എടുക്കുന്ന കാലയളവിൽ പരമാവധി രണ്ട് വർഷം ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്. ഡയാലിസിസിൻറെ ഇടവേള ഒരു മാസത്തിൽ കൂടുതലാണെങ്കിൽ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

**സമാശ്വാസം II:** വൃക്ക/കരൾ എന്നീ അവയവങ്ങളിലേതെങ്കിലും മാറ്റിവയ്ക്കപ്പെട്ട രോഗികൾ ആയിരിക്കണം. ശസ്ത്രക്രിയ കഴിഞ്ഞ തീയതി മുതൽ പരമാവധി 5 വർഷക്കാലത്തേയ്ക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുന്നത്.

**സമാശ്വാസംIII:** രക്തം കട്ടപിടിക്കുന്നതിനാവശ്യമായ ഘടകങ്ങളുടെ കുറവ് മൂലം ഉണ്ടാകുന്ന ഹീമോഫീലിയും അനുബന്ധരോഗാവസ്ഥയും ഉള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ.

**സമാശ്വാസംIV:** സംസ്ഥാനത്ത് ട്രൈബൽ വിഭാഗത്തിൽപ്പെടാത്ത ദാരിദ്ര്യരേഖക്ക് താഴെയുള്ള പൊതുവിഭാഗത്തിൽപ്പെട്ട കുടുംബങ്ങളിലെ അരിവാൾരോഗം (HBSS) ബാധിച്ചവരോ HBS Combination ബാധിച്ചവരോ ആണെന്ന് HPLC (High Performing Liquid Chromatography) വഴി കണ്ടെത്തിയ രോഗബാധിതർ ആയിരിക്കണം.

**3.ക്യാൻസർ സുരക്ഷാ പദ്ധതി :** 18 വയസ്സിന് താഴെ പ്രായമുള്ള ക്യാൻസർ ബാധിതരായ കുട്ടികൾ ആയിരിക്കണം.

**4. താലോലം പദ്ധതി:** 18 വയസ്സിനു താഴെപ്രായമുള്ള കുട്ടികളായിരിക്കണം. ശസ്ത്രക്രിയ ആവശ്യമായ വൃക്ക വൈകല്യങ്ങൾ, കാർഡിയോവാസ്കുലാർ വൈകല്യങ്ങൾ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസീമിയ, സിക്കിൾസെൽ അനീമിയ, അസ്ഥിവൈകല്യങ്ങൾ, ഞരമ്പ് സംബന്ധമായ വൈകല്യങ്ങൾ എന്നീ രോഗങ്ങളുടെ ചികിത്സക്കും ഡയാലിസിസ് നടത്തുന്നതിനും, ശസ്ത്രക്രിയ ചെയ്യുന്നതിനും അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനും ആവശ്യമായ സൗജന്യ ചികിത്സ ഈ പദ്ധതിയിലൂടെ ലഭ്യമാകും.

**5. ശ്രുതിതരംഗം പദ്ധതി:** സംസ്ഥാനത്തെ 5 വയസ് വരെ പ്രായമുള്ള ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ നടത്തി നൽകുന്ന ശ്രുതിതരംഗം പദ്ധതി കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്നു. സംസ്ഥാനത്തെ ജന്മനാ കേൾവിക്കുറവുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ സർജറി നടത്തി രണ്ട് വർഷം നീണ്ടു നിൽക്കുന്ന ആഡിറ്ററി വെർബൽ ഹാബിലിറ്റേഷനിലൂടെ കുട്ടികളുടെ ശ്രവണശേഷിയും സംസാരശേഷിയും വീണ്ടെടുക്കുകയെന്നതാണ് ശ്രുതിതരംഗം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു. കുടുംബത്തിൻറെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം.

**6. ധ്വനി പദ്ധതി:** ശ്രുതിതരംഗം പദ്ധതി ആരംഭിക്കുന്നതിനു മുൻപ് സ്വന്തം ചെലവിൽ കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ പൂർത്തീകരിച്ച കുട്ടികൾക്ക് സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്തു നൽകുകയെന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. 25 വയസ്സിനുള്ളിൽ പ്രായമുള്ളവരായിരിക്കണം. കുടുംബത്തിൻറെ വാർഷിക വരുമാനം 2 ലക്ഷം രൂപയ്ക്ക് താഴെയായിരിക്കണം. 2 ലക്ഷം രൂപയ്ക്ക് മുകളിൽ വാർഷിക വരുമാനം ഉള്ള കുടുംബമാണെങ്കിൽ സ്പീച്ച് പ്രോസസർ അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ തുക കേരള സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭ്യമാക്കുന്ന പക്ഷം കേരള സാമൂഹ്യ സുരക്ഷാ മിഷൻ അപ്ഗ്രേഡ് ചെയ്യുന്ന നിരക്കിൽ സ്പീച്ച് പ്രോസസർ വാങ്ങി നൽകുന്നതാണ്.

**7.കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിൻറനൻസ്:** കോക്ലിയാർ ഇംപ്ലാൻറേഷൻ ശസ്ത്രക്രിയ കഴിഞ്ഞ 25 വയസ്സിനുള്ളിൽ പ്രായമുള്ള കുട്ടികളുടെ അനുബന്ധ ഉപകരണങ്ങളുടെ മെയിൻറനൻസ് നടത്തി നൽകുന്നതിനായി ആരംഭിച്ച പദ്ധതി ആണ് കോക്ലിയാർ ഇംപ്ലാൻറേഷൻ മെയിൻറനൻസ് പദ്ധതി.

**8. ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി (മിഠായി):** 18 വയസ്സിന് താഴെ പ്രായമുള്ള Type 1 ഡയബറ്റിസ് രോഗബാധിതരായ കുട്ടികൾ.